# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2770 19.12.2012-ൽ മറുപടിയ്ക്ക്

## പൊന്നാനി കോട്ടത്തറയിൽ എസ്.സി. ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊന്നാനി, തിരൂർ താലൂക്കുകളിൽ എസ്.സി വിഭാഗത്തിനുള്ള പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പൊന്നാനി എം.ഇ.എസ്. കോളേജ്, പൊന്നാനി ഐ.എ.എസ്. കോച്ചിംഗ് അക്കാദമി, തിരൂർ മലയാളം സർവ്വകലാശാല, തിരൂർ തുഞ്ചൻ കോളേജ്, തിരൂർ എസ്.എസ്.എം പോളിടെക്നിക്ക്, കുറ്റിപ്പുറം എം.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ്, പൊന്നാനി എസ്.സി.ഐ.ടി.ഐ തുടങ്ങിയ സ്ഥാപനങ്ങളിലെ എസ്.സി വിഭാഗം കുട്ടികൾ താമസ സൗകര്യമില്ലാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | എങ്കിൽ പൊന്നാനി കോട്ടത്തറയിൽ എസ്.സി ഹോസ്റ്റലിനായി ഏറ്റെടുത്ത 30 സെന്റ് ഭൂമിയിൽ ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | പൊന്നാനി മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള ഭൂമി വിട്ടുകിട്ടുകയാണെങ്കിൽ ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ബസ് സർവ്വീസുകളുള്ള പ്രസ്തുത സ്ഥലത്ത് അടിയന്തിരമായി ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ